KBPS

KERALA BOOKS AND PUBLICATIONS SOCIETY
(An undertaking of the Government of Kerala)
Kakkanad P.O. Kochi-682 030, Kerala

അടിയന്തിര മെയ്ന്റെനൻസ്

നമ്പർ. പിആന്റ്എ6/733/1862

തിയതി : 30/04/2024

റീ-ക്വൊട്ടേഷൻ നോട്ടീസ്

കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി പേപ്പർ സ്റ്റോറിലെ കേടുപാടുകൾ വന്ന പഴയ റോളിങ് ഷട്ടർ മാറ്റി പുതിയ റോളിങ് ഷട്ടർ (നീളം – 3.92 മീറ്റർ, വീതി – 4.5 മീറ്റർ) ഘടിപ്പിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ ചെയ്ത് തരുന്നതിന് താല്പര്യമുള്ള കരാറുകാരിൽ നിന്നും ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നു.

പ്രസ്തുത ജോലികൾ സൊസൈറ്റിയിലെ മെക്കാനിക്കൽ എഞ്ചിനീയർ നിർദ്ദേശിക്കുന്ന പ്രകാരം ചെയ്തു തരേണ്ടതാണ്. സീൽ ചെയ്ത ക്വൊട്ടേഷനുകൾ 13/05/2024 രാവിലെ 11.00 മണിക്ക് മുമ്പായി മാനേജിങ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് പി.ഒ., കൊച്ചി–30 എന്ന വിലാസത്തിൽ സൊസൈറ്റി ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇ.എം.ഡി–യായി ഓഫർ തുകയുടെ 2.5% മാനേജിങ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് പി.ഒ., കൊച്ചി–30 എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ക്വൊട്ടേഷന്റെ കൂടെ സമർപ്പിക്കേണ്ടതാണ്. ഓഫറിൽ ജി.എസ്.ടി. നമ്പർ, പാൻ നമ്പർ, ക്വൊട്ടേഷൻ നോട്ടീസ് നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

കെ.ബി.പി.എസ്സിലെ ജീവനക്കാരുടെ അടുത്ത ബന്ധുക്കൾ ക്വൊട്ടേഷനിൽ പങ്കെടുക്കാൻ പാടുള്ളതല്ല. കേരള സ്റ്റോർസ് പർച്ചേസ് മാന്യുവലിലെ അനുബന്ധം 21, ബന്ധം വ്യക്തമാക്കുന്നതിന് അനുബന്ധം A ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. കൂടാതെ അമ്മയുടെ സഹോദരിയുടെ മകൻ/മകൾ എന്നിവരെ ബന്ധുവായി കണക്കാക്കും. ഇത് സംബന്ധിച്ച ഡിക്ലറേഷൻ (അനുബന്ധം B) കൃത്യമായി പൂരിപ്പിച്ച് ഒപ്പിട്ട് ഓഫറിന്റെ കൂടെ സമർപ്പിക്കണം.

ക്വൊട്ടേഷൻ സമർപ്പിക്കുന്നവരുടെയോ അവർ അധികാരപ്പെടുത്തിയിരിക്കുന്നവരുടെയോ സാന്നിധ്യത്തിൽ, 13/05/2024–ന് രാവിലെ 11.30 മണിക്ക് സൊസൈറ്റി ഓഫീസിൽ വെച്ച് ക്വൊട്ടേഷനുകൾ തുറക്കുന്നതാണ്. ക്വൊട്ടേഷനുകൾ കാരണം കൂടാതെ നിരസിക്കുന്നതിനോ നീട്ടി വയ്ക്കുന്നതിനോ ഉള്ള പരമാധികാരം സൊസൈറ്റിയിൽ നിക്ഷിപ്തമാണ്.

മാനേജിങ് ഡയറക്ടർ

ടു
നോട്ടീസ് ബോർഡ്

പകർപ്പ് : പി.എം./എം.ഇ./ഫിനാൻസ്/സെക്യൂരിറ്റി/ഐ.ടി.